# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2020**

**22.01.2014- ൽ മറുപടിക്ക്**

## ഹൈഡ്രോ ഫോയിൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം.എ.ബേബി :** | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) ഹൈഡ്രോ ഫോയിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; പദ്ധതിയെ സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (എ) ഹൈഡ്രോ ഫോയിൽ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ നടത്താനാവുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുമായി ചർച്ച നടത്തുകയോ അവരുടെ ആശങ്ക പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. മത്സ്യത്തൊഴിലാളികളുമായി പദ്ധതിയെക്കുറിച്ച് ചർച്ച നടത്തിയിട്ടില്ല. പദ്ധതിയുടെ അന്തിമ തീരുമാനം സ്വീകരിക്കുന്നതിന് മുമ്പ് മത്സ്യത്തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുന്നതാണ്. |
| (സി) ഇല്ലെങ്കിൽ, ഇവയൊന്നും നടത്താതെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (സി) ഫോർട്ട് കൊച്ചിയും ആലപ്പുഴയും ബന്ധിപ്പിച്ചുകൊണ്ട് hydrofoil സർവ്വീസ് നടപ്പിലാക്കുന്നതിന് ബെർത്തിംഗ് സൗകര്യം ഒരുക്കുന്നതിലേയ്ക്കായി 50 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ